# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2324** **8.03.2017-ൽ മറുപടിക്ക്**

### സമ്പൂർണ്ണ വൈദ്യുതിവത്ക്കരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ.എസ്.ശബരീനാഥൻ :<br>ശ്രീ. എം. വിൻസെന്റ് :<br>ശ്രീ. വി.ഡി.സതീശൻ :<br>ശ്രീ. അനിൽ അക്കര : | | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് എല്ലാ വീടുകളിലും വൈദ്യുതിവത്ക്കരണത്തിന് എന്തെല്ലാം നടപടികൾ കൈക്കൊ ണ്ടിട്ടുണ്ട്; വിശദമാക്കുമോ; | (എ) | 2017 മാർച്ച് മാസത്തോടുകൂടി കേരളത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യത്തോടെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. ഇതിനായി ഗുണ ഭോക്താക്കളെ കണ്ടെത്തുക, ധനശ്രോതസ്സുകൾ കണ്ടെത്തുക, വിതരണ ശൃംഖല വിപുലീകരിക്കാൻ സാധ്യമായ സ്ഥലങ്ങളിലെല്ലാം ആവിധത്തിലും, ആയത് സാധ്യമാകാത്ത സ്ഥലങ്ങളിൽ വികേന്ദ്രീകൃത വൈദ്യുത് ഉത്പാദനവും വിതരണവും വഴിയും വൈദ്യുതി എത്തിക്കുക, വയറിംഗ് പൂർത്തിയാക്കാൻ പണം കണ്ടെത്താനാകാത്ത ഗുണഭോക്താക്കൾക്ക് ആയതിനുള്ള ധന സ്രോതസ്സ് കണ്ടെത്താൻ സഹായിക്കുക, വയറിംഗ് പൂർത്തിയാക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുക എന്നിങ്ങനെ സമ്പൂർണ്ണ വൈദ്യുതീകരണം സമയബന്ധിതമായി നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. വനത്തിലൂടെ വൈദ്യുതി ലൈൻ വലിക്കുന്നതിനായി വനം വകുപ്പിന്റെയും സ്വകാര്യ വസ്തുക്കളിൽ കൂടി ലൈൻ വലിക്കുമ്പോഴുള്ള തർക്കപരിഹാരത്തിനായി റവന്യൂ വകുപ്പിന്റെയും സഹകരണം ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഇതിനായി ഗുണഭോക്താക്കളെ കണ്ടെത്തി യിട്ടുണ്ടോ; വിവരിക്കുമോ? | (ബി) | കേരളത്തിലെ എല്ലാ ഭവനങ്ങളിലും വൈദ്യുതി എത്തിക്കുന്നതിന്റെ ആദ്യ ഘട്ടം ഗുണഭോക്താക്കളെ കണ്ടെത്തുകയാ യിരുന്നു. ലഘുവായ ഒരു അപേക്ഷ ഫാറം മുഖാന്തിരം സെക്ഷൻ ഓഫീസിൽ നേരിട്ടും ജനപ്രതിനിധികൾ വഴിയും കെ. എസ്. ഇ. ബി യുടെ "Customer Care Centre" വഴിയും അപേക്ഷ സമർപ്പിക്കാൻ അവസരം ഒരുക്കിയിരുന്നു. 02.03.2017-ലെ കണക്കനുസരിച്ച് 1,25,000 ൽ പരം ഗുണഭോക്താക്കൾ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ